# <u>പ്രോജക്റ്റ് ഹോപ്</u>



2016-2017 വർഷം SSLC പരീക്ഷയിൽ പരാജയപെട്ട വിദ്യാർത്ഥികൾക്ക് വേണ്ട മികച്ച പരിശീലനം നൽകി 2018 മാർച്ച് മാസത്തെ SSLC പരീക്ഷയിൽ പങ്കെടുപ്പിച്ച് ടി വിദ്യാർത്ഥികളെ വിജയിപ്പിക്കുക എന്ന ലക്ഷ്യം നേടുവാൻ ബഹു. IGP കൊച്ചി റേഞ്ച്, ശ്രീ പി. വിജയൻ IPS അവർകളുടെ നിർദ്ദേശപ്രകാരം 05/07/17 തീയതിയിൽ ജില്ലയിൽ ആരംഭിച്ച പദ്ധതിയാണ് **"പ്രോജക്റ്റ് ഹോപ്"**. ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികളെ SSLC പരീക്ഷയിൽ വിജയിപ്പിക്കുക എന്ന ഉദ്ദേശം കൂടാതെ, ഭാവിയിൽ നാടിനും സമൂഹത്തിനും ഗുണമുള്ളവരാകുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപെടുന്നവരുടെ കൈകളിൽ ഇവർ എത്തിപെടാതിരിക്കുന്നതിനും വേണ്ടിയുള്ള ശക്തമായ നടപടിയാണ് ഇതുവഴി സ്വീകരിച്ചിരിക്കുന്നത്. ടി കുട്ടികളിൽ എല്ലാവരും തന്നെ വളരെ താഴ്ന്ന സാമൂഹ്യ, സാമ്പത്തീക ചുറ്റുപാടുകളിൽ നിന്നുള്ളവരും, ഇവരുടെ വളർച്ചയിൽ രക്ഷകർത്താക്കളോ, അദ്ധ്യാപകരോ സമൂഹമോ വേണ്ട ശ്രദ്ധ നൽകാത്തതുമൂലം ആണ് ഇവർക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ലഭിക്കാതെ പോയത് എന്ന് കരുതേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് എന്നപോലെ രക്ഷിതാക്കളുടെ മോനോഭാവവും ഇക്കാര്യത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നതാണ്. ഇവർ ശരിയായ രീതിയിലുള്ള പരിശീലനവും, പരിഗണനയും നൽകിയാൽ ഇവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്ന് വരാനാകും എന്ന് ഉറപ്പുണ്ട്.

കോട്ടയം ജില്ലയിൽ കഴിഞ്ഞ SSLC പരീക്ഷയിൽ പരാജയപെട്ട 44 വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ചേർത്തിട്ടുള്ളത്. ഇവർക്ക് ഗുഡ് ഷെപ്പേർഡ് കോളേജ്, നാട്ടകം, പാലാ സെന്ററുകൾ, പൊൻകുന്നം ട്യൂഷൻ സെന്റർ, മാഞ്ഞൂർ ട്യൂഷൻ സെന്റർ, കറുകച്ചാൽ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ സൌജന്യ ട്യൂഷൻ ക്ലാസുകൾ നൽകി വരുന്നു. ടി കുട്ടികളുടെ

വിദ്യാഭ്യാസ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനായി ഓരോ കുട്ടിക്കും പ്രത്യേകം പോലീസ് ഉദ്യോഗസ്ഥരേയും, പ്രദേശത്തെ റസിഡൻസ് അസോസിയേഷൻ പ്രതിനിധിയേയും ഒരു അദ്ധ്യപകൻ/അദ്ധ്യാപികയെ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ടി കുട്ടികളുടെ വീടുകളിൽ പോലീസ് ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തിയിട്ടുള്ളതും വിദ്യാഭ്യാസ പുരോഗതി വിലയിരിത്തിയിട്ടുള്ളതുമാകുന്നു. എല്ലാ വിദ്യാർത്ഥികളുടേയും പരീക്ഷ ഫീസ് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ ഏകോപിപ്പിച്ച് നടത്തുവാൻ ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ഡി.വൈ.എസ്.പി. ഡി.സി.ആർ.ബി. നോഡൽ ഓഫീസറായി പ്രവർത്തിച്ചു വരുന്നു. റെസിഡൻസ് അസോസിയേഷൻ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, സമൂഹത്തിലെ പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവർ ഈ പദ്ധതിയുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു.

ടി വിദ്യാർത്ഥികൾക്ക് കൂടുതൽ മികച്ച രീതിയിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി 2017 ക്രിസ്മസ് അവധികാലത്ത് 3 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പും 2018 ഫെബ്രുവരി മാസത്തിൽ ഒരു മാസം നീണ്ട് നിൽക്കുന്ന റസിഡൻഷ്യൽ ക്യാമ്പും നടത്തുവാൻ ജില്ലാ പോലീസ് തീരുമാനിച്ചിട്ടുള്ളതാണ്. ടി ക്യാമ്പിൽ വിദഗ്ധരായ അദ്യാപകരുടേയും, മനശാസ്ത്രജ്ഞരുടേയും മറ്റും സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, അദ്ധ്യാപകർ, റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യവും ടി ക്യാമ്പുകളിൽ ഉണ്ടാകുന്നതാണ്.